**പഞ്ചായത്ത് ഡയറക്ടറുടെ നടപടിക്രമങ്ങൾ.**

(ഹാജർ : എച്ച്.ദിനേശൻ ഐ.എ.എസ്)

വിഷയം:- പഞ്ചായത്ത് വകുപ്പ്:-ഭരണജാഗ്രത - തിരുവനന്തപുരം ജില്ല - കഠിനംകുളം ഗ്രാമപഞ്ചായത്ത് - അക്കൌണ്ടന്റ് ശ്രീ.രോഹിത് തോമസ്.എം.ജേക്കബിനെ സേവനത്തിൽ നിന്നും സസ്പെന്റ് ചെയ്ത് ഉത്തരവാകുന്നു.

പരാമർശം:- തിരുവനന്തപുരം ജില്ലാ പോലീസ് സൂപ്രണ്ടിന്റെ 18.01.2019 തീയതിയിലെ എച്ച്1/4001/2019/ടിസി നമ്പർ കത്ത്

<u>ഉത്തരവ് നമ്പർ PAN/653/2019-D3(DP) തീയതി :21/01/2019</u>

തിരുവനന്തപുരം ജില്ലയിലെ കഠിനംകുളം ഗ്രാമപഞ്ചായത്തിലെ അക്കൌണ്ടന്റ് ശ്രീ.രോഹിത് തോമസ്.എം.ജേക്കബ് പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ ലൈംഗികാതിക്രമം ചെയ്തതുമായി ബന്ധപ്പെട്ട് 9/01/2019-ാം തീയതി മ്യൂസിയം പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 58/2019 u/s 376 (i)IPC, Sec.3(a) r/w 4, 5(1)(m)(n)r/w 6 and 7 r/w 8, 11 (iii) r/w 12, 19(1) r/w 21 of POSCO Act പ്രകാരമുള്ള കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും 12.01.2019-ാം തീയതി ശ്രീ.രോഹിത് തോമസ്.എം.ജേക്കബിനെ അറസ്റ്റ് ചെയ്ത് തിരുവനന്തപുരം ബഹു.അഡീഷണൽ ജില്ലാ ആന്റ് സെഷൻസ് ജഡ്ജ് (പോക്സോ) കോടതി മുമ്പാകെ ഹാജരാക്കുകയും, ബഹു.കോടതി ടിയാനെ റിമാന്റ് ചെയ്ത് ജയിലിൽ പാർപ്പിച്ചു വരുന്നതുമാണെന്ന മ്യൂസിയം പോലീസ് സ്റ്റേഷൻ, സ്റ്റേഷൻ ഹൌസ് ഓഫീസറുടെ 13.01.2019 ലെ കത്തുസഹിതം തിരുവനന്തപുരം ജില്ലാ പോലീസ് ചീഫ് പരാമർശം പ്രകാരം ഉചിതമായ വകുപ്പുതല നടപടികൾക്കായി റിപ്പോർട്ട് ചെയ്തിരിക്കുന്നു.

മേൽ സാഹചര്യത്തിൽ ഗുരുതരമായ ക്രിമിനൽ കേസിലുൾപ്പെട്ട് തിരുവനന്തപുരം ബഹു.അഡീഷണൽ ജില്ലാ ആന്റ് സെഷൻസ് ജഡ്ജ് (പോക്സോ) കോടതി റിമാന്റ് ചെയ്തിരിക്കുന്ന കഠിനംകുളം ഗ്രാമപഞ്ചായത്തിലെ അക്കൌണ്ടന്റായ ശ്രീ.രോഹിത് തോമസ്.എം ജേക്കബിനെ അച്ചടക്ക നടപടിക്കു വിധേയമായി റിമാന്റ് തീയതി പ്രാബല്യത്തിൽ സേവനത്തിൽ നിന്നും സസ്പെന്റ് ചെയ്ത് ഇതിനാൽ ഉത്തരവാകുന്നു.

സസ്പെൻഷൻ കാലയളവിൽ ശ്രീ.രോഹിത് തോമസ്.എം ജേക്കബിന് ചട്ടപ്രകാരമുള്ള ഉപജീവനബത്തയ്ക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.

**എച്ച്.ദിനേശൻ ഐ.എ.എസ്**
**പഞ്ചായത്ത് ഡയറക്ടർ**

ശ്രീ.രോഹിത് തോമസ്. എം ജേക്കബ്
അക്കൌണ്ടന്റ്, കഠിനംകുളം ഗ്രാമപഞ്ചായത്ത്
തിരുവനന്തപുരം (തിരുവനന്തപുരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖേന)

പകർപ്പ്

1. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം
   (ഉത്തരവ് ഉടൻ പ്രാബല്യത്തിൽ വരുത്തി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്)
2. സെക്രട്ടറി, കഠിനംകുളം ഗ്രാമപഞ്ചായത്ത്
3. സൂപ്രണ്ട്, ഇ സെക്ഷൻ
4. ജില്ലാ പോലീസ് മേധാവി, തിരുവനന്തപുരം
5. കരുതൽ / അധികം

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

Signature Not Verified

Digitally signed by HOSDURG
DINESHAN
Date: 2019.01.21 14:08:18 IST
Reason: Approved